# 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:3882** **24.06.2014-ൽ മറുപടിയ്ക്ക്**

### കെല്ലിനെ പ്രവർത്തനക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ.സി.കെ. സദാശിവൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ.സാജു പോൾ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെ ല്ലിനെ ഭെൽ ഏറ്റെടുത്തതിനു ശേഷമുള്ള അവസ്ഥ പരിശോധിച്ചിട്ടു ണ്ടോ; | (എ) ഉണ്ട്. കെല്ലിൻെറ കാസർഗോഡ് യൂണിറ്റിനെ ഭെൽ ഏറ്റെടുത്ത് രൂപീകരിച്ച BHEL-EML എന്ന കമ്പനി കഴിഞ്ഞ മൂന്ന് വർഷമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) കെല്ലിനെ ഭെൽ ഏറ്റെടുക്കുമ്പോൾ ഉണ്ടാക്കിയ ഉടമ്പടിയിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) 1) കെല്ലിന്റെ കാസർഗോഡ് യൂണിറ്റിനെ കേരള ഗവൺമെന്റിന്റെയും ഭെല്ലിന്റെയും സംയുക്ത സംരംഭമാക്കുകയാണുണ്ടായത്.<br>2) കേരള ഗവൺമെന്റിന് 49%വും ഭെല്ലിന് 51%വും ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുന്നതാണ്. കെല്ലിന് ഓഹരിയൊന്നും ഇല്ല.<br>3) ഉടമ്പടിയനുസരിച്ച് കെല്ലിന്റെ കാസർഗോഡ് യൂണിറ്റിലുള്ള 197 ജീവനക്കാരെ ഭെല്ലിന്റെ സംയുക്ത സംരംഭത്തിന്റെ ഭാഗമാക്കുകയുണ്ടായി.<br>4) പ്രസ്തുത തൊഴിലാളികളുടെ കെല്ലിലെ സർവ്വീസ് കാലത്തെ ബാദ്ധ്യതകൾ കെൽ കൊടുത്തുതീർക്കേണ്ടതായിരുന്നു. അതനുസരിച്ച് തൊഴിലാളികളുടെ എല്ലാ ബാദ്ധ്യതകളും കെൽ കൊടുത്തുതീർക്കുകയുണ്ടായി.<br>5) ഈ യൂണിറ്റ് ലാഭകരമാകുമ്പോൾ ലാഭം മുതൽമുടക്കിന്റെ അനുപാതത്തിൽ വീതിച്ച് എടുക്കാം എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>6) കെല്ലിന്റെ കൈവശമുണ്ടായിരുന്ന കാസർഗോഡ് യൂണിറ്റ് 28.03.2011 മുതൽ പൂർണ്ണമായി ഭെല്ലിന്റെ അധീനതയിലാണ്. പ്രസ്തുത സംയുക്തസംരംഭത്തിൽ കെല്ലിന് ഷെയറോ നടത്തിപ്പിൽ പങ്കാളിത്തമോ ഇല്ല |

| | | | |
|---|---|---|---|
| (സി) | ഭെല്ലുമായുണ്ടാക്കിയ സംയുക്ത സംരംഭ ധാരണയനുസരിച്ച് കെല്ലിനെ പ്രവർത്തനക്ഷമമാക്കുന്ന തിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ; | (സി) | ഭെല്ലുമായി സർക്കാർ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് യൂണിറ്റ് ഭെല്ലിന്റെയും ഗവൺമെന്റിന്റെയും സംയുക്ത സംരംഭത്തിന് കൈമാറി. ഈ കരാറനുസരിച്ച് കെല്ലിന്റെ മറ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും ധാരണ ഇല്ല. BHEL-EML എന്ന പുതിയ സംയുക്ത സംരംഭം അഞ്ചുവർഷത്തെ പ്രവർത്തന രൂപ രേഖയുണ്ടാക്കിയതിൻ പ്രകാരം പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള കെല്ലിന്റെ മറ്റ് യൂണിറ്റുകളുടെ സ്ഥിതിയും ആശാവഹമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) യും (ഇ) യും | കെല്ലിൻെറ യൂണിറ്റുകളായ മാമല, ഒലവക്കോട് എന്നീ യൂണിറ്റുകൾ 2013-14 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്. എന്നാൽ കുണ്ടറ യൂണിറ്റ് 10 വർഷത്തിൽ കൂടുതലായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിറ്റുവരവിന് ആനുപാതികമല്ലാത്ത വർദ്ധിച്ച ഉൽപ്പാദനച്ചെലവാണ് പ്രധാന കാരണം. ഈ യൂണിറ്റിൻെറ പുനരുദ്ധാരണം സർക്കാരിൻെറ സജീവ പരിഗണനയിലാണ്. മന്ത്രിതല ചർച്ചകൾക്ക് ശേഷം ട്രേഡ് യൂണിയൻ തലത്തിൽ വിശദമായ ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ കുണ്ടറ യൂണിറ്റിനുമാത്രമായി 796 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.<br>കെല്ലിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി എടരിക്കോട് യൂണിറ്റിൽ കാസ്റ്റ് റിസൈൻ ട്രാൻസ്ഫോർമറിൻെറയും മാമല യൂണിറ്റിൽ പവർ ട്രാൻസ്ഫോർമറിൻെറയും ഉൽപാദനം ആരംഭിക്കുന്നതിന് 2050 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്. |
| (ഇ) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | | |

Hanu

സെക്ഷൻ ഓഫീസർ